**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.295.** **19.07.2016 ൽ മറുപടിയ്ക്ക്.**

## മോട്ടോർ വാഹന വകുപ്പിന്റെ ശാക്തീകരണം

| ചോദ്യം<br>ശ്രീ. വി.റ്റി. ബൽറാം<br>,, റോജി എം. ജോൺ<br>,, ഷാഫി പറമ്പിൽ<br>,, അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ മോട്ടോർ വാഹന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ ആധുനികവത്കരണ, ശാക്തീകരണ കർമ്മ പദ്ധതികൾ എന്തെല്ലാം; | (എ) | കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിച്ചുവരികയും ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ മുതലായവ എൻഫോഴ്സ്മെന്റ് നടപടികൾക്കായി വാങ്ങുകയും ചെയ്യുന്നുണ്ട്. ആധുനികവൽക്കരണ പരിപാടികളുടെ ഭാഗമായി സ്പീഡ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളിലും പൊതുജനങ്ങളെ സഹായിക്കാനായി ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് | (ബി) | അപകട മരണങ്ങൾ ഇല്ലാതാക്കുക, റോഡപകടങ്ങൾ കുറയ്ക്കുക, അഴിമതി |

| | | | |
|---|---|---|---|
| | ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | | തടയുക, പൊതുജനങ്ങൾക്ക് സുതാര്യമായ സേവനം ഉറപ്പാക്കുക, ജനങ്ങൾക്കു സൗകര്യപ്രദമായ രീതിയിൽ മോട്ടോർവാഹന വകുപ്പിന്റെ സേവനങ്ങൾ നൽകുക, ഇടനിലക്കാരെ ഒഴിവാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇവ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കാമോ? | | ഇ – പേയ്മെന്റ് നടപ്പാക്കാനായി 2014 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13/03/2015 ലെ ജി.ഒ. (പി) നം. 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1975 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് പ്ലാൻഫണ്ട് അനുവദിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഭരണാനുമതി ആവശ്യമുള്ള കാര്യങ്ങളിൽ അത് യഥാസമയം നൽകി അവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ